*"The Lord has done great things for us, and we are filled with joy."*

Psalm 126:3

**www.csitoronto.org**

# CSI CHURCH, TORONTO

# SILVER JUBILEE GOSPEL CONVENTION SONGS - 2010

**September 10, 11 & 12, 2010**

**SPEAKER: Mr. George Koshy**

***"Let everything that has breath praise the Lord. Praise the Lord!"***

**Psalm 150:6**

# അകാരാദി


| | |
|---|---|
| അക്കരയ്ക്കു യാത്ര | 21 |
| അത്ഭുതമായ് എന്നെ | 10 |
| അടവിതരുക്കളിന്നിടയിൽ | 23 |
| അടിക്കടി കഷ്ടതകൾ | 6 |
| ആകാശമേ കേൾക്ക | 31 |
| ആരാധനയ്ക്കു യോഗ്യനെ | 11 |
| ആരാധ്യനെ ആരാധ്യനെ | 39 |
| ആപത്തു വേളകളിൽ | 19 |
| ഇത്രത്തോളം യഹോവ | 18 |
| ഇന്നോളം എന്നെ നടത്തിയ | 34 |
| എൻ യേശുവിൻസന്നിധിയിൽ | 24 |
| എന്നെ കരുതുവാൻ കാക്കുവാൻ | 3 |
| എന്നെ കരുതുന്ന വിധങ്ങൾ | 33 |
| എല്ലാം അങ്ങേമഹത്വത്തിനായ് | 20 |
| കർത്താവറിയാതെ | 36 |
| കർത്തൻ നടത്തിയ വഴികളെ | 9 |
| കാഹളം മുഴങ്ങുമേ | 7 |
| ജീവന്റെ ഉറവിടം ക്രിസ്തു | 15 |
| ജീവനുള്ള ദേവനേ വരു | 35 |
| ജീവിതയാത്രക്കാരാ | 29 |
| ഞാനുംഎനിക്കുള്ള സർവ്വ | 32 |
| ഞാനെന്റെ കണ്ണുകൾ ഉയർ | 42 |
| ദൈവകൃപയിൽ ഞാൻ | 17 |
| നന്ദിയോടെ പാടി സ്തുതി | 5 |
| നന്ദിയോടെ ഞാൻ സ്തുതി | 28 |
| നിന്നെ കരുതാൻ- നിന്നെ | 1 |
| നീറുന്ന നൊമ്പരത്താൽ | 8 |
| പരിശുദ്ധൻ മഹോന്നതദേവൻ | 38 |
| പരിശുദ്ധാത്മാവേശക്തിപകർ | 30 |
| പാടി പുകഴ്ത്തിടാം ദേവ | 14 |
| മനമെ ചഞ്ചലമെന്തിനായ് | 43 |
| മാറിടാത്ത യേശുനാഥൻ | 26 |
| യഹോവയീരേ ദാതാവാം | 40 |
| യേശു എൻ ഉള്ളത്തിൽ വന്ന | 37 |
| യേശു എന്നഭയകേന്ദ്രം | 27 |
| യേശു എന്റെ കരം | 41 |
| യേശു നല്ലവൻ എനിക്കു | 44 |
| യേശു നല്ലവൻ അവൻ വല്ലഭൻ | 12 |
| യേശു മതിയെനിക്കേശു മതി | 25 |
| യേശുക്രിസ്തു ഉയർത്തു | 16 |
| ശ്രീയേശുനാമം അതിശയനാമം | 22 |
| ലോകത്തിൻ പാപംചുമപ്പാൻ | 45 |
| ലോകവും അതിന്റെ മോഹവും | 4 |
| സാധുവെന്നെ കൈവിടാതെ | 13 |
| സീയോൻ മണാളൻ യേശു | 2 |


**ENGLISH**


| | |
|---|---|
| Here I am to worship | 49 |
| Open the Eyes of My Heart | 47 |
| Shine Jesus Shine | 46 |
| Still | 50 |
| Your Grace is enough | 48 |


# SILVER JUBILEE COMMITTEE

**President**
Reverend Raju Jacob

**General Convener**
Daniel Thomas

**Convener – Prayer**
Joy C. Mathew
**Committee Members**
Ponnamma Thomas
Molly Kanjirappallil
K.V. Cherian
Isaac Mathews
Latha Isaac
Alice James
Elizabeth Koshie

**Convener – Projects**
Ani Thomas
**Committee Members**
Elizabeth Philip
Sajany Koshie
Johnson Kattathara
Thomas Mathai
Sugu Cheriyan
Soniya Thomas

**Convener – Public Relations**
Christy Abraham
**Committee Members**
Zac Santhosh Koshy
Elizabeth Abraham
Ani Chacko
Elizabeth Verghis
Mini Chemmanoor
Jean Varghese
Siby Jacob
Susan Koshie

**Convener – Souvenir**
Prashanth Koshy
**Committee Members**
Leila Philip
Ranjan Koshie
Mariamma Thomas
Joy Chemmanoor
Suja Koshy
Reji Johnson
Sunil Cherian
Ron Cherian

**Convener – Programs**
Koshy Oommen
**Committee Members**
Wincy Thuthikattu
Sonijya Raj
Nisha Thomas
Abraham P. George
Meera Chacko
Terry Chacko
Shibu Paul
Suzane Sneha Thomas
Gisha Oommen
Ron Abraham

**Conveners – Missions**
Jes Victor Daniel
John Mathew
**Committee Members**
Moly Jacob
Susan Joseph
George Samuel
Roby P. George
Philip Z. Mathai (Jr)
Roj Cherian
Tasha Oommen
Swarup Itty
Chacko Jacob

**Convener – Finance**
Roy Abraham
**Committee Members**
Philip Mathai (Sr)
Sony Thomas
John Cherian
Sajan Itty
Joseph P. Mathews
Priya Abraham

**Convener – Hospitality**
Rajan James
**Committee Members**
Zachariah Philip
Elizabeth Mathai
Sanjay Kumar
Philip Abraham
Abilash Raj
Mona Abraham

## 50
## Still

Hide me now
Under Your wings
Cover me
Within Your mighty hand

When the oceans rise and thunders roar
I will soar with You above the storm
Father You are king over the flood
I will be still and know You are God

Find rest my soul
In Christ alone
Know His power
In quietness and trust

When the oceans.....

## 1

നിന്നെ കരുതാൻ – നിന്നെ നടത്താൻ
നിന്നെ പുലർത്താൻ – ഒരുവനുണ്ട്(2)

നിന്റെ ഭാരം വലിയതോ?
നിന്റെ ചുമട് കഠിനമോ?(2)
നിന്നെ താങ്ങുവാൻ കരങ്ങളുണ്ട്
നിന്നെ നടത്തുവാൻ വഴികളുണ്ട് (2)

നിന്നെക്കാൾ നിന്നെ ഞാൻ അറിയുന്നു
നിന്നെക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു (2)
നിന്നെ പേർചൊല്ലി ഞാൻ വിളിക്കുന്നു
നിന്നെ പരിചയാൽ ഞാൻ മറയ്ക്കുന്നു (2)

നിന്റെ ഭാരം...

നിന്റെ വൈരികൾ ഏറെ പെരുകുമ്പോൾ
നിന്നെ രോഗങ്ങൾ ഏറ്റം അലട്ടുമ്പോൾ (2)
നിനക്കായ് ഞാൻ ജാഗരിക്കുന്നു
നിനക്കായ് എന്നും ജീവിച്ചിടുന്നു (2)

നിന്റെ ഭാരം...

## 2

സീയോൻ മണാളൻ യേശുരാജൻ
എന്റെ ജീവന്റെ നാഥൻ
കണ്ണുനീർ മാറ്റി ശോധന നീക്കി
എന്നെ ചേർത്തിടുമേ (2)

ഹലേലൂയ്യാ............ ഹലേലൂയ്യാ
ഹലേലൂയ്യാ............ ഹലേലൂയ്യാ (2)

ജീവിതപാതയിൽ ഭാരങ്ങളേറുമ്പോൾ
പൊൻകരം നീട്ടിയവൻ
താങ്ങിനടത്തിടും അന്ത്യത്തോളം
നിത്യസഹായകനായ് (2)
അവൻ സ്നേഹസ്വരൂപനായ്
എന്നും പരിപാലിച്ചീടുന്നെന്നെ (2)
കണ്ണുനീർ മാറ്റി ശോധന നീക്കി
എന്നെ ചേർത്തിടുമേ (2)

ഹലേലൂയ്യാ............

നീറും നിരാശയിൽ ആകുലമേറുമ്പോൾ
ശാശ്വത ശാന്തിയേകും
തളർന്നിടാതെന്നും മാർവ്വോടണച്ചെന്നെ
കൃപയാൽ കാക്കുമവൻ (2)
അവൻ ദിവ്യപ്രഭയേകി
വഴികാട്ടിടുമെന്നെയെന്നും (2)
കണ്ണുനീർ മാറ്റി ശോധന നീക്കി
എന്നെ ചേർത്തിടുമേ(2)

ഹലേലൂയ്യാ............

## 3

എന്നെ കരുതുവാൻ കാക്കുവാൻ യേശുവുണ്ട്
എന്നെ മെനഞ്ഞെന്നും നടത്തുന്നോരാത്മാവുണ്ട് (2)
എന്നിൽ വാഗ്ദത്തം നിവർത്തിക്കും ദൈവമുണ്ട്
മരുഭൂവിൽ അലയുവാൻ വിടുകയില്ല (2)

പാടും യേശുവിനായ് ഞങ്ങൾ
ആഘോഷത്തോടെയെന്നും (2)
അവൻ കൃപ മതിയേ
ഇനി ഓടിടുവാൻ
ഈ പാതയിലിനി ഞങ്ങൾ വീഴുകില്ല (2)

വചനമെന്നാത്മാവിൻ ശക്തിയല്ലോ
ജീവിക്കും യേശുവിൻ കൃപകളതാൽ (2)
പോരാട്ടമുള്ളൊരീ ലോകമിതിൽ
യേശുവിൻ നാമത്തിൽ ജീവിച്ചിടും (2)

പാടും യേശുവിനായ് ...

ജീവിതം തന്നവൻ വിശ്വസ്തനല്ലോ
എൻ ചാരെ നടന്നിടും അന്ത്യംവരെ (2)
കരുതുവാൻ ആരും ഇല്ലാതെവരുകിൽ
വിളിച്ചവനെന്നും നടത്തിടുമേ (2)

എന്നെ കരുതുവാൻ.....

## 4

ലോകവും അതിന്റെ മോഹവും മാറിപ്പോയിടിലും
രോഗവും അതിന്റെ ശോകവും ഏറിവന്നീടിലും
യേശുവേ നിൻ ആശ്രയം നൽകണേ നിൻ ദാസരിൽ
ആശയിൽ മുന്നേറുവാൻ നയിക്കണേ നിൻ ദാസരെ (2)

ഇന്നലെകൾ തന്നു നൽവരങ്ങൾ
അന്നു ഞങ്ങൾ നിന്നിൽ ആനന്ദിച്ചു
ഇന്നലെകൾ തന്നു വേദനകൾ
അന്നു ഞങ്ങൾ നിന്നിൽ ആശ്രയിച്ചു (2)
കണ്ണുനീരിൻ കാലങ്ങളിൽ നൽസഖിയായി നീ നയിച്ചു
എണ്ണമററ നന്മകളാൽ നല്ലവനേ നീ നിറച്ചു

ലോകവും...

വന്നിടുന്നു ഞങ്ങൾ ഉന്നതനേ
തന്നിടുന്നു ഞങ്ങൾ നിൻ കരത്തിൽ
വന്നിടുന്നു ഞങ്ങൾ മന്നവനേ
തന്നരുളൂ നിന്റെ വൻകൃപകൾ (2)
വേദനകൾ വന്നിടിലും യാതനകൾ ഏറിടിലും
ഭൂതലത്തിൽ ദൂതരുളാൻ മോദമെഴും നിൻ വചനം

ലോകവും...

Your grace is enough
Your grace is enough
Your grace is enough for me.

Great is Your love and justice God
You use the weak to lead the strong
You lead us in the song of Your salvation
And all Your people sing along

So remember….

*Bridge/Ending:*
Your grace is enough
Heaven reaching down to us
Your grace is enough for me
God I see your grace is enough
I'm covered in your love
Your grace is enough for me For me

## 49
## Here I Am To Worship

Light of the world
You stepped down into darkness
Opened my eyes, let me see
Beauty that made this heart adore You
Hope of a life spent with You

Here I am to worship, here I am to bow down,
Here I am to say that You're my God.
You're altogether lovely, Altogether worthy,
Altogether wonderful to me.

King of all days, oh so highly exalted
Glorious in heaven above.
Humbly You came to the earth You created
All for love's sake became poor.

Here I am….

*Bridge:*
I'll never know how much it cost
To see my sin upon that cross (2x)

Lord, I come into Your awesome presence
From the shadows into Your radiance
By the blood I may enter Your brightness
Search me, try me, consume all my darkness
Shine on me, Shine on me
Shine, Jesus …

As we gaze on Your kindly brightness
So our faces display Your likeness
Ever changing from glory to glory
Mirrored here may our lives tell Your story.
Shine on me, Shine on me
Shine, Jesus…

**47**
## Open the eyes of my heart Lord

Open the eyes of my heart Lord
Open the eyes of my heart
I want to see You. I want to see You. (2x)

To see You high and lifted up
Shining in the light of Your glory.
Pour out Your power and love
As we sing holy, holy, holy.

*Bridge:*
Holy, holy holy. Holy, holy, holy.
Holy, holy, holy, I want to see You. (2x)

**48**
## Your Grace Is Enough

Great is Your faithfulness oh God
You wrestle with the sinner's heart
You lead us by still waters into mercy
And nothing can keep us apart

*Pre-Chorus:*
So remember Your people
Remember Your children
Remember Your promise oh God

**5**

നന്ദിയോടെ പാടിസ്തുതിച്ചീടുവിൻ
നാളിതുവരെ നമ്മെ നാഥൻ നടത്തി
കഴിഞ്ഞ വർഷങ്ങൾ പോയ ദിനങ്ങൾ
ജീവിതയാത്രയിൽ പിന്നിട്ട വഴികൾ
അതിശയമായ് നാഥൻ നടത്തിയതാൽ

സ്തോത്രം ചെയ്യാം സ്തുതിസ്തോത്രം പാടാം
ആരാധിക്കാം ആരാധ്യനേശുവേ
വർണ്ണിച്ചീടാം നാഥൻ നന്മകളെ
വന്ദിച്ചീടാം കർത്തൻ പാദങ്ങളെ

ശോകക്കടലിൽ ഏകനായ് ഞാൻ
ജീവിത തോണി തുഴഞ്ഞിടുമ്പോൾ (2)
അമരക്കാരനായ് ആനന്ദമേകിടാൻ
വന്നിടും നാഥനെൻ ആത്മസഖിയായ്(2)
സ്തോത്രം....

സ്നേഹബന്ധങ്ങൾ അകന്നിടുമ്പോൾ
സോദരങ്ങൾ മാറിപ്പോയിടുമ്പോൾ (2)
അന്ത്യത്തോളവും കൂടെ നടന്നീടാൻ
വന്നിടും നാഥനെൻ ആത്മസഖിയായ് (2)
നന്ദിയോടെ....

**6**

അടിക്കടി കഷ്ടതകൾ നിരന്നീടിലും
നേടിയതെല്ലാം നഷ്ടമായിടീലും (2)
മിത്രങ്ങൾ നിന്ദിച്ചെന്നാലും
നിരസിക്കല്ലേ നിരസിക്കല്ലേ
നടത്തുന്ന കർത്താവിനെ നിരസിക്കല്ലേ (2)

ആനന്ദം ആനന്ദം യേശുവിൽ ആനന്ദം
ആനന്ദം ആനന്ദം ക്രിസ്തീയ ജീവിതമെന്താനന്ദം (2)

ലഭിച്ചിട്ടുള്ള സർവ്വ സമൃദ്ധികളും
അനർഹമായതാകും സൗഭാഗ്യങ്ങളും (2)
അസ്വദിച്ച നല്ല ദിവസങ്ങളും
മറന്നിടല്ലേ മറന്നിടല്ലേ
കർത്താവിന്റെ കൃപയെന്നു മറന്നിടല്ലേ (2)
ആനന്ദം...

ശോധനകളനവധി വന്നീടിലും
തകർക്കുകല്ല നിന്നെ പണികയത്രേ (2)
ഹൃദയം നുറുങ്ങി കരഞ്ഞീടുമ്പോൾ
നല്ല സഖിയായി നല്ല സഖിയായി
വചനം നൽകി ആശ്വസിപ്പിക്കും (2)
ആനന്ദം...

## 7

കാഹളം മുഴങ്ങുമേ
ദൂതഗണം പാടുമേ
രാജരാജൻ വാനിൽ വരുമ്പോൾ (2)
ഹാലേലുയ്യ ഹാലേലുയ്യാ
ദൂതരോടു ചേർന്നു നാമും പാടീടും (2)
വാനമേഘേ നമ്മെ ചേർക്കുമ്പോൾ (2)

കാഹളം...

ദുഃഖമില്ല നാടതിൽ
കണ്ണീരില്ല വീടതിൽ
നാഥനോടുകൂടെ വാഴുമേ (2)
ജീവനദിയിൻകരയിൽ
ജീവനുള്ള പാട്ടുകളാൽ
ആയിരം യുഗം നാം വാണീടും (2)

കാഹളം...

ക്ലേശമെല്ലാം മാറിടും
ഭാരമെല്ലാം നീങ്ങിടും
സ്വർഗനാട്ടിൽ ചേർന്നിടും നേരം (2)
ശുഭ്ര വസ്ത്രധാരിയായ്
കയ്യിൽ കുരുത്തോലയേന്തി
സ്തോത്രഗീതം ചേർന്നു പാടിടും (2)

കാഹളം...

## 8

നീറുന്ന നൊമ്പരത്താൽ
ഞാനേററം വലഞ്ഞീടുമ്പോൾ
കണ്ണീരെല്ലാം തുടയ്ക്കാൻ
തുണയാരുമില്ലാതാകുമ്പോൾ (2)

യേശു എൻ നാഥൻ മാറാത്ത മനുവേലൻ (2)
തളരുമ്പോൾ പതറാതെ
വീണീടാതെ താങ്ങിടുന്ന (2)
അവനെന്റെ പ്രിയ താതൻ (2)

പാപിയെ സ്നേഹിക്കും താൻ
പാപ മോചനമേകീടുമേ
പാവന മാർഗമതിൽ
നമ്മൾ കർത്തന്റെ കൂട്ടാളിയാം (2)

യേശു എൻ...

ശുദ്ധാത്മാവാൽ നിറയ്ക്ക
എന്നെ നിൻ പൈതലാക്കീടുക
പ്രാർത്ഥന യാഗമതായ്
എന്നും നിൻ വേല ചെയ്തീടുവാൻ (2)

യേശു എൻ...

## 45

ലോകത്തിൻ പാപം ചുമപ്പാൻ
യേശു നായകൻ ക്രൂശിലേറി
തിരു രക്തമവൻ നിനക്കായ് ചൊരിഞ്ഞ
മഹാ സ്നേഹത്തെ ഓർക്കുക നീ (2)

നിന്റെ ദേഹവും ദേഹിയും ആത്മാവും
ഒരുപോൽ പൂർണ്ണമായ് സമർപ്പിക്കുക (3)

പാപങ്ങൾ ക്ഷമിക്കുവാനും
നിന്റെ രോഗങ്ങൾ നീക്കുവാനും
അതി ശക്തനായുള്ളോരു നായകനാണവൻ
ദൈവമെന്നോർത്തിടുക (2)

നിന്റെ...

കഷ്ടത പെരുകി വന്നാൽ
നൊടി നേരത്തിൽ തീരുമത്
അതിൻ പ്രതിഫലമോ ദിവ്യതേജസ്സിന്റെ
നിത്യഘനമാണെന്നോർത്തിടുക (2)

നിന്റെ...

കാഹളം ധ്വനിച്ചിടാറായ്
തന്റെ കാന്തയെ ചേർത്തിടാനായ്
നീയും അതിവേഗമുണർന്ന് നിൻ
രക്ഷകനെ എതിരേല്ക്കുവാൻ ഒരുങ്ങിടുക (2)

നിന്റെ...

## 46

### Shine Jesus Shine

Lord the light of Your love is shining
In the midst of the darkness shining
Jesus, Light of the world shine upon us
Set us free by the truth You now bring us
Shine on me, Shine on me.

Shine, Jesus, shine
Fill this land with the Father's glory
Blaze, Spirit, blaze, Set our hearts on fire
Flow, river, flow
Flood the nations with grace and mercy
Send forth Your Word, Lord, And let there be light

നാളയെ നിനച്ചു നടുങ്ങേണ്ട
ദുഃഖ വേളകൾ വരുമെന്ന് കലങ്ങേണ്ട (2)
കാലമെല്ലാമുള്ള മനുവേലൻ
കരുതാതെ കൈവിടുമോ (2)
ആ മനമെ ...

വാനിലെ പറവകൾ പുലരുന്നു
നന്നായ് വയലിലെ താമര വളരുന്നു (2)
വാനവ നായകൻ നമുക്കേതും
നൽകാതെ മറന്നിടുമോ (2)
ആ മനമെ ...

കൈവിടുകില്ലിനി ഒരുനാളും
എന്ന് വാക്കുപറഞ്ഞവൻ മാറിടുമോ (2)
വാനവും ഭൂമിയും പോയാലും
വാഗ്ദത്തം സുസ്ഥിരമായ് (2)
ആ മനമെ ...

## 44

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻനാമം വാഴ്ത്തിപാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ യേശു - നല്ലവൻ

ചെങ്കടൽ പിളർന്നു നൽവഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീണ്ടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ
യേശു നല്ലവൻ......

മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കുമേൽ വിരിച്ചു സ്നേഹമായ്
നീണ്ട മരുഭൂവിലുള്ളം കൈയിൽ താങ്ങിടും
യേശു നല്ലവൻ.....

കോട്ടകൾ തകർത്തീടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തീടും
വീട്ടിലെത്തുവോളം പൊൻ മുഖത്തെ നോക്കിടാം
യേശു നല്ലവൻ.....

ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേണ്ടതെല്ലാം നിത്യമേകി പോറ്റിടുന്നവൻ
യേശു നല്ലവൻ.....

## 9

കർത്തൻ നടത്തിയ വഴികളെ മറക്കരുത്
ദിനം നടത്തുന്ന വിധങ്ങളും മറക്കരുത്
ദാനം ലഭിക്കുന്ന കൃപകളെ വെറുക്കരുത്
സ്തോത്രഗാനം പാടുവാൻ മടിക്കരുത്
കർത്തൻ നടത്തിയ വഴികളെ മറക്കരുത് (2)

ജനിച്ച നാൾമുതലിന്നുവരെ നമ്മെ നടത്തിയ
അതുല്യ സ്നേഹത്തെ നമ്മൾ മറക്കരുത് (2)
അറിയായ്മകൊണ്ടു നമ്മൾ ചെയ്തുപോയ പാപമാകെ
മറക്കുന്ന ദൈവസ്നേഹം മറക്കരുത് (2)
കർത്തൻ...

മരണപാശങ്ങൾ ചുറ്റിവളയുമ്പോൾ ചിറകതിൽ
മറയ്ക്കുന്ന മഹൽസ്നേഹം മറക്കരുത് (2)
ഇരുളിലും മരണത്തിൻ നിഴലിലും വെളിച്ചമായ്
കരുതുന്ന കനിവിനെ മറക്കരുത് (2)
കർത്തൻ...

## 10

അത്ഭുതമായ് എന്നെ അതിശയമായ് സൃഷ്ടിച്ച എൻ ദൈവമേ
ജീവനേകി നിത്യജീവനേകി വീണ്ടെടുത്ത എൻ രക്ഷകാ
ആരാധിക്കും ജീവനുടയവനെ എൻ ജീവസ്പന്ദനത്തിനായ് (2)

നന്ദി എൻ ദൈവമേ നന്ദി എൻ യേശുവേ
നന്ദി എൻ ആത്മാവേ നന്ദി എൻ ജീവനായ് (2)

ആകാശവും സർവ്വഭൂമിയും സസ്യലതാദികളും
വെള്ളവും എല്ലാ വെളിച്ചങ്ങളും ഭൂചരജന്തുക്കളും
നിൻ വാക്കിനാൽ ഉളവായതിനാൽ നന്ദി എൻ ദൈവമേ (2)
നന്ദി എൻ....

പുതുമഴയും നല്ല തളിരുകളും പച്ചപ്പുൽമേടുകളും
കാനനവും എല്ലാ പറവകളും ആഴിയും ആകാശവും
ഘോഷിക്കുന്നു ജീവകാലമെല്ലാം ജീവന്റെ തുടിപ്പുകളെ (2)
നന്ദി എൻ....

അമർത്യനവൻ മർത്യനെന്നെ നിലത്തിലെ പൊടിയിൽനിന്നും
സ്വരൂപത്തിൽ സാദൃശ്യത്തിൽ കരങ്ങളാൽ മെനഞ്ഞെടുത്തു
ശ്വാസമേകി എന്നിൽ ജീവൻ നൽകി ഈലോക വാസമേകി (2)
നന്ദി എൻ....

നിത്യജീവൻ പ്രാപിച്ചോർക്കായ് ദൈവരാജ്യം താതനൊരുക്കും
നഷ്ടമാക്കല്ലേ ലൗകികരായ് ഈലോക ജീവിതത്തിനാൽ
വരവേൽക്കാൻ ഒരുങ്ങിനിൽക്കാം മണവാട്ടിയാം സഭയായ് (2)
നന്ദി എൻ....

## 11

ആരാധനയ്ക്കു യോഗ്യനെ നിന്നെ ഞങ്ങൾ
ആരാധിച്ചീടുന്നിതാ
ആഴിയും ഊഴിയും നിർമ്മിച്ച നാഥനെ
ആത്മാവിൽ ആരാധിക്കാം കർത്താവിനെ
നിത്യം സ്തുതിച്ചീടും ഞാൻ

പാപത്താൽ നിറയപ്പെട്ട എന്നെ നിന്റെ
പാണിയാൽ പിടിച്ചെടുത്തു
പാവനനിണം തന്നു പാപത്തിൻ കറപോക്കി
രക്ഷിച്ചതാൽ നിന്നെ ഞാൻ എന്നാളും
ആത്മാവിൽ ആരാധിക്കാം

ആരാധന...

വാഗ്ദത്തം പോലെ നിന്റെ സന്നിധാനെ
നിൻ മക്കൾ കൂടിടുമ്പോൾ
മദ്ധ്യേ വന്നനുഗ്രഹം ചെയ്തിടാമെന്നുര
ചെയ്തവൻ നീ മാത്രമായ് നിന്നെ ഞങ്ങൾ
ആത്മാവിൽ ആരാധിക്കാം

ആരാധന...

.കെട്ടുകൾ അഴിഞ്ഞീടട്ടെ വൻ രോഗങ്ങൾ
പൂർണ്ണമായ് നീങ്ങിടട്ടെ
നിൻ സഭ വളർന്നിട്ടങ്ങെണ്ണത്തിൽ പെരുകുവാൻ
ആത്മാവിൽ ആരാധിക്കും കർത്താവിനെ
നിത്യം സ്തുതിച്ചീടും ഞാൻ

ആരാധന...

ആദിമ നൂററാണ്ടിൽ നിൻ ദാസന്മാർ
മർക്കോസിൻ മാളികയിൽ
നിന്നാവിപകർന്നപോൽ-നിൻ ദാസർ-മധ്യത്തിൽ
നിൻ ശക്തി അയച്ചീടുക-നിന്നെ ഇന്നു
ആത്മാവിൽ ആരാധിക്കും

ആരാധന...

## 12

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽപോലെ
സ്തുതിച്ചീടുക അവന്റെ നാമം

ഹല്ലേലുയ്യാ – ഹല്ലേലുയ്യാ
ഹല്ലേലുയ്യാ – ഹല്ലേലുയ്യാ
മഹത്വവും ജ്ഞാനവും സ്തോത്രവും
ബഹുമാനം ശക്തിയും ബലവും എൻ യേശുവിന്

ഞാൻ യഹോവക്കായ് കാത്തു കാത്തല്ലോ
അവൻ എങ്കലേക്കു ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേററിൽനിന്നെന്നെ കയററി

ഹല്ലേ....

## 41

യേശു എന്റെ കരം പിടിച്ചു
പാപങ്ങൾ പോക്കിയെന്നെ സ്വീകരിച്ചു (2)
ഈ ലോകെ നടക്കുവാൻ കരുത്തു തന്നു
എന്റെ നാവിൽ പുതിയൊരു പാട്ടു തന്നു (2)

യേശു...

വേദവാക്യങ്ങളെൻ കൂട്ടാളിയായ്
എന്നെന്നും പ്രാർത്ഥിപ്പാൻ എന്നോടു ചൊല്ലി (2)
യേശുവിൻ സ്നേഹം ഞാനറിഞ്ഞു
അനുദിനം കരുണകൾ രുചിച്ചറിഞ്ഞു (2)

യേശു...

ജീവന്റെ വചനങ്ങളെൻ വഴികാട്ടിയായ്
വിശ്വാസം പ്രത്യാശ സ്നേഹമായ് തീർന്നു (2)
യേശുവിൻ സ്വരം ഞാൻ കേട്ടറിഞ്ഞു
അവനെ ഞാൻ എന്നെന്നും സ്തുതിച്ചീടുന്നു (2)

യേശു...

## 42

ഞാനെന്റെ കണ്ണുകൾ ഉയർത്തീടുന്നു
എൻ സഹായം എവിടെ നിന്നു വരും
എൻ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച
യഹോവയിങ്കൽ നിന്നല്ലോ

നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകില്ല
നിന്നെ കാക്കുന്നവൻ മയങ്ങുകില്ല
അവൻമയങ്ങുകില്ല അവനുറങ്ങുകില്ല
യിസ്രായേലിൻ പരിപാലകൻ

ഞാനെന്റെ......

യഹോവ നിന്റെ പരിപാലകൻ
യഹോവ വലഭാഗേ നിനക്കു തണൽ
പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും
നിന്നെ യാതൊന്നും ബാധിക്കയില്ല

ഞാനെന്റെ......

യഹോവ നിന്നെ പരിപാലിക്കും
നിന്റെ പ്രാണനേയും പരിപാലിക്കും
നിന്റെ ഗമനത്തേയും ആഗമനത്തേയും
എന്നെന്നേക്കും പരിപാലിക്കും

ഞാനെന്റെ......

## 43

മനമെ ചഞ്ചലമെന്തിനായ്
കരുതാൻ വല്ലഭനില്ലയോ
ജയ വീരനായ് ആ ആ ആ
മനമെ ചഞ്ചലമെന്തിനായ്

അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യ താതനും വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധിരാജനാം മശിഹാ

ആഹാ....

കോടാ കോടി തൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻ പ്രീയസുതരെ തന്നോടു ചേർപ്പാൻ
വേഗം വരുന്നേശു മശിഹാ

ആഹാ....

## 39

ആരാധ്യനെ ആരാധ്യനെ
ആരിലും ഉന്നതനായവനെ
ആരാധിക്കുന്നിതാ നിന്നെ എന്നും
ആയുസ്സിൻ നാൾകളെല്ലാം

എന്റെ രോഗ കിടക്കയതിൽ
എന്റെ സൗഖ്യ പ്രദായകനെ
എന്റെ പാപ സംഹാരകനെ
എന്റെ സർവ്വവും നീ മാത്രമേ (2)
ആരാധ്യനെ.......

എന്റെ വേദനയിൽ ആശ്വാസം
എന്റെ സാന്ത്വനം എന്നുമെന്നും
എന്റെ രക്ഷകനാം യേശുവേ
എന്റെ സങ്കേതം നീ മാത്രമെ (2)
ആരാധ്യനെ.......

## 40

യഹോവയീരേ ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ സൗഖ്യദായകൻ
തൻ അടിപ്പിണരാൽ സൗഖ്യം
യഹോവ ശമ്മാ കൂടെയിരിക്കും
നൽകുമെൻ ആവശ്യങ്ങൾ

നീ മാത്രം മതി നീ മാത്രം മതി
നീ മാത്രം മതിയെനിക്ക്

യഹോവ ഏലോഹീം സൃഷ്ടാവാം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ ഇല്ല്യോൻ അത്യുന്നതൻ നീ
നിന്നെ പോലെ മറ്റാരുമില്ല
യഹോവ ശാലേം എൻ സമാധാനം
നൽകി നിൻ ശാന്തിയെന്നിൽ

നീ മാത്രം........

എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ ദൈവത്തിന്നു സ്തുതിതന്നെ

ഹല്ലേ....

എന്റെ കർത്താവേ എന്റെ യഹോവെ
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവരെനിക്ക് ശ്രേഷ്ഠന്മാർ തന്നെ

ഹല്ലേ....

## 13

സാധുവെന്നെ കൈവിടാതെ
നാഥനെന്നും നടത്തീടുന്നു....(2)

അന്ത്യത്തോളം ചിറകടിയിൽ
അവൻ കാത്തിടും ധരയിൽ
ആപത്തിലും രോഗത്തിലും
അവനാണെനിക്കഭയം (2)

സാധു...

കണ്ണുനീരിൻ താഴ്വരയിൽ
കരയുന്നവേളകളിൽ
കൈവിടില്ലെൻ കർത്തനെന്റെ
കണ്ണുനീരെല്ലാം തുടയ്ക്കും (2)

സാധു...

കൊടുങ്കാറ്റും തിരമാലയും
പടകിൽ വന്നാഞ്ഞടിക്കും
നേരമെന്റെ ചാരെയുണ്ട്
നാഥനെന്നും വല്ലഭനായ് (2)

സാധു...

വിണ്ണിലെന്റെ വീടൊരുക്കി
വേഗം വന്നിടും പ്രിയനായ്
വേലചെയ്തെൻ നാൾകൾ തീർന്നു
വീട്ടിൽ ചെല്ലും ഞാനൊടുവിൽ (2)

സാധു...

## 14

പാടിപുകഴ്ത്തിടാം ദേവദേവനെ
പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും
മാറായേശുവെ നാം പാടിപുകഴ്ത്താം (2)

യേശു എന്ന നാമമേ
എന്നാത്മാവിൻ ഗീതമേ
എൻ പ്രിയ യേശുവേ ഞാൻ
എന്നും വാഴ്ത്തിപ്പുകഴ്ത്തിടുമേ (2)

ഘോര ഭയങ്കര കാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ
കാക്കും കരങ്ങളാൽ ചേർത്തു മാർവ്വണച്ച
സ്നേഹം നിത്യം പാടും ഞാൻ

യേശു...

പെറ്റതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ എന്ന വാർത്തയാൽ
താഴ്ത്തി എന്നെ തൻ കരത്തിൽ വച്ചു
ജീവ പാതേ എന്നും ഓടും ഞാൻ

യേശു...

ഭൂമിയെങ്ങും പോയി സാക്ഷി
ചൊല്ലുവിൻ എന്നുരച്ച കല്പനയതാൽ
ദേഹം ദേഹിയെല്ലാം ഒന്നായ്
ചേർന്നുപ്രിയനായിവേലചെയ്യും ഞാൻ

യേശു...

യോർദ്ദാൻ സമ മനഃശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടും
കാത്തുപാലിക്കുന്ന സ്നേഹമാശ്ചര്യം

യേശു...

## 15

ജീവന്റെ ഉറവിടം ക്രിസ്തുവത്രെ
നാവിനാലവനെ നാം ഘോഷിക്കാം
അവനത്രെ എൻ പാപഹരൻ
തൻ ജീവനാലെന്നെയും വീണ്ടെടുത്തു

താഴ്ചയിൽ എനിക്കവൻ തണലേകി
താങ്ങിയെന്നെ വീഴ്ചയിൽ വഴി നടത്തി
തുടച്ചെന്റെ കണ്ണുനീർ പൊൻകരത്താൽ
തുടിക്കുന്നെൻ മനം സ്വർഗ്ഗ സന്തോഷത്താൽ

ജീവന്റെ...

കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപമനശാന്തിയതും

ജീവന്റെ...

വൻവിനകൾ തൻ നടുവിൽ സഹായമേകി
എന്റെ പാപശാപമെല്ലം തന്മേലേറ്റി
ക്രൂശിൽ തൻ ചോരയെൻ പേർക്കായൂറ്റി (2)
എന്തു മാറ്റം വന്നു എന്നിൽ

യേശു......

ഈജ്ജഗത്തിൻ മാലിന്യങ്ങൾ നീക്കി മുറ്റും
സ്വന്തമാക്കി എന്റെ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ ബന്ധമേകി (2)
എന്തു മാറ്റം വന്നു എന്നിൽ

യേശു......

പൊൻനിണം തന്നെൻ വിലയായ് വീണ്ടുകൊൾവാൻ
എന്നുമെന്നും ഞാനവന്റേതൊന്നു മാത്രം
ദേഹമെൻ ദേഹിയെന്നാത്മാവും (2)
എന്തു മാറ്റം വന്നു എന്നിൽ

യേശു......

എൻ വഴിയിൽ ദുർഘടങ്ങൾ എല്ലാം നീങ്ങി
എന്റെ ആശ എന്റെ ലാക്കും ഒന്നു മാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ (2)
എന്തു മാറ്റം വന്നു എന്നിൽ

യേശു......

രാത്രികാലം തീർന്നിടാറായ് പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ കണ്ടിടാറായ്
എന്നുമെൻ ഗാനമിതൊന്നു മാത്രം (2)
എന്തു മാറ്റം വന്നു എന്നിൽ

യേശു......

## 38

പരിശുദ്ധൻ മഹോന്നതദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കും
സ്വർലോക നാഥനാം മശിഹാ

ആഹാ ഹാ ഹാല്ലേലുയ്യാ
ആഹാ ഹാ ഹാല്ലേലുയ്യാ
ആഹാ ഹാ ഹാല്ലേലുയ്യാ
ആഹാ ഹാ ഹാല്ലേലുയ്യാ

തൂമഞ്ഞു പൊഴിയുന്ന രാവിൽ
പൂവെല്ലാം ഉറങ്ങുന്ന നേരം
വിണ്ണിൽ മുഴങ്ങിയൊരാനന്ദ ഗാനം
സർവ്വേശപുത്രൻ ജനിച്ചു

ആഹാ....

മാനസം കനിഞ്ഞീടുവാനായ്
ഗാനമാല്യം ഏകിടുവാനായ്
ആവസിക്ക എന്റെ ദേഹിയിൽ
നീ വസിക്ക എന്റെ ജീവനിൽ

യേശുവേ......

വാഗ്ദത്തങ്ങൾ ചെയ്ത കർത്തനേ
വാക്കു മാറാ ഉണ്മയുള്ളോനെ
വാഗ്ദത്തങ്ങൾക്കായി വരുന്നേ
വല്ലഭാത്മ മാരി നൽകണേ

യേശുവേ......

ന്യായവിധി നാൾ വരുന്നിതാ
പ്രിയൻ വരാൻ കാലമായല്ലോ
ലോകത്തിൽ നശിച്ചു പോകുന്ന
ലോകരെ നീ രക്ഷിച്ചീടണേ

യേശുവേ......

## 36

കർത്താവറിയാതെ എനിക്കൊന്നും ഭവിക്കയില്ല എന്റെ
കർത്താവറിയാതെ എനിക്കൊന്നും ഭവിക്കയില്ല

എന്മനം തകർന്നീടുമ്പോൾ സ്വാന്തനവചനമേകി
നൽസഖിയായ് ചാരെയുള്ള

കർത്താവറിയാതെ...

കൂരിരുളിൻ താഴ്വരയിലേകനായാലും
കാട്ടുചെന്നായ് കൂട്ടമെന്നെ എതിർത്തെന്നാലും
ദാനിയേലിൻ ദൈവമിന്നും ജീവിക്കുന്ന എന്റെ ദൈവം
ആകയാൽ ഞാൻ ഭയപ്പെടില്ല (2)

എന്മനം ....

ഒരിക്കലും കൈവിടില്ലെന്നരുളിയവൻ
ഓരോ നാളും കൂടെയുണ്ടെന്നോതിയവൻ
കഷ്ടനഷ്ട ശോധനയിൽ രോഗദുഃഖവേളകളിൽ
പുതുബലം പകരുന്നവൻ (2)

എന്മനം....

## 37

യേശു എൻ ഉള്ളത്തിൽ വന്ന നാളിൽ
എന്തു മാറ്റം വന്നു എന്നിൽ
തന്നെ ഞാൻ ഉള്ളത്തിൽ ഏറ്റതാലേ
എന്തു മോദം വന്നു എന്നിൽ

നമുക്കു മുൻ ചൊന്നതാം വിശുദ്ധന്മാരാൽ
അലംകൃതമായ തിരുവചനം
അനുദിനം തരുമവൻ പുതുശക്തിയാൽ
അനുഭവിക്കും അതിസന്തോഷത്താൽ

ജീവന്റെ...

## 16

യേശുക്രിസ്തു ഉയർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണിടുവാൻ

ഹാ ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശുകർത്താവു ജീവിക്കുന്നു (2)

കൊല്ലുന്ന മരണത്തിൻ ഘോരതര
വിഷപ്പല്ലുതകർന്നതാകയാൽ ഇനി
തെല്ലും ഭയമെന്യെ മൃത്യുവിനെ നമ്മൾ
വെല്ലു വിളിക്കുകയാം

ഹാ ഹല്ലേലുയ്യ...

എന്നേശു ജീവിക്കുന്നായതിനാൽ
ഞാനുമെന്നേക്കും ജീവിക്കയാം ഇനി
തന്നേപ്പിരിഞ്ഞൊരു ജീവിതമില്ലെനി
ക്കെല്ലാമെന്നേശുവത്രേ

ഹാ ഹല്ലേലുയ്യ...

മന്നിലല്ലെൻ നിത്യവാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാം, ഇനി
വിണ്ണിലാവീട്ടിൽ ചെന്നെത്തുന്ന നാളുക
ളെണ്ണി ഞാൻ പാർത്തിടുന്നു

ഹാ ഹല്ലേലുയ്യ...

## 17

ദൈവകൃപയിൽ ഞാനാശ്രയിച്ചു
അവൻ വഴികളെ ഞാനറിഞ്ഞു
അനുഗമിച്ചീടും അവനുടെ ചുവടുകളെ

ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരു സന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക്

ദൈവ....

മനോവേദന പല ശോധന
മമ ജീവിത പാതയതിൽ
മാറാതേറിടുമ്പോളാത്മ നാഥനവൻ
മാറിൽ ചാരിഞ്ഞാനാശ്വസിക്കും

ദൈവ....

എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റം അടുത്ത സഹായകൻ താൻ

ദൈവ....

എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാറിൽ മറഞ്ഞിടും ഞാൻ

ദൈവ....

## 18

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു

ഹാഗാറിനെപ്പോലെ ഞാൻ കരഞ്ഞപ്പോൾ
യാക്കോബിനെപ്പോലെ ഞാൻ അലഞ്ഞപ്പോൾ (2)
മരുഭൂമിയിലെനിക്കു ജീവജലം തന്നെന്നെ
ഇത്രത്തോളം യഹോവ സഹായിച്ചു

ഇത്രത്തോളം...

ഏകനായ് നിന്ദ്യനായ് പരദേശിയായ്
നാടുംവീടുംവിട്ടു ഞാനലഞ്ഞപ്പോൾ (2)
സ്വന്ത നാട്ടിൽ ചേർത്തു
കൊള്ളാമെന്നുരച്ച നാഥനെ
ഇത്രത്തോളം യഹോവ സഹായിച്ചു

ഇത്രത്തോളം...

കണ്ണുനീരും ദുഃഖവും നിരാശയും
പൂർണ്ണമായ് മാറിടും ദിനം വരും (2)
അന്നുപാടും ദൂതർ മദ്ധ്യേ
ആർത്തുപാടും ശുദ്ധരും
ഇത്രത്തോളം യഹോവ സഹായിച്ചു

ഇത്രത്തോളം...

ഓരോ ദിവസവും വേണ്ടതെല്ലാം
വേണ്ടപോൽ നാഥൻ നൽകിടുന്നു
തിന്നു ത്രിപ്തനായ് തീർന്ന ശേഷം
നന്ദിയാൽ സ്തോത്രം പാടും എന്നും

യേശുവെ.........

ദേഹം ക്ഷയിച്ചാലും യേശുവെ നിൻ
സ്നേഹം ഘോഷിക്കും ലോകമെങ്ങും
കാണ്മാൻ കൊതിക്കുന്നേ നിൻ മുഖം ഞാൻ
കാന്താ വേഗം നീ വന്നിടണെ

യേശുവെ..........

## 34

ഇന്നോളം എന്നെ നടത്തിയ നാഥാ
തിരുകൃപ എന്നും എനിക്കു മതി (2)
കണ്ണുകണ്ടിട്ടില്ലാത്ത, ചെവി കേട്ടിട്ടില്ലാത്ത
മനുഷ്യ ഹൃദയങ്ങൾക്കതീതമായ

വഴികളിൽ നടത്തുന്ന നാഥാ
നിൻ തിരുകൃപ മാത്രം എനിക്കു മതി–നൽ....

ഇന്നോളം എന്നെ......

പ്രതികൂല കാറ്റുകൾ ഉയർന്നീടമ്പോൾ
ജീവിത നൗക ഉലഞ്ഞീടാതെ (2)
അചഞ്ചല വിശ്വാസം നൽകിടണേ നിൻ
കൃപയിൽ കരുണയാൽ കാത്തിടണേ (2)

ഇന്നോളം എന്നെ.....

നയനമോഹങ്ങൾ ത്യജിച്ചീടുവാൻ
വചനത്തിൽ വേരുന്നി വളർന്നീടുവാൻ (2)
വേദപ്രമാണത്തെ നൽകിടണേ നിൻ
കൃപയിൽ കരുണയാൽ കാത്തിടണെ (2)

ഇന്നോളം എന്നെ.....

## 35

ജീവനുള്ള ദേവനേ വരു
ജീവ വാക്യം ഓതുവാൻ വരു
പാപത്തെ വെറുത്തു ജീവിപ്പാൻ
പാപബോധം ഞങ്ങളിൽ തരു (2)

യേശുവേ നീ വലിയവൻ,
യേശുവേ നീ പരിശുദ്ധൻ
യേശുവേ നീ നല്ലവൻ,
യേശുവേ നീ വല്ലഭൻ

എൻഗേഹം ദൈവത്തിൻ വാസസ്ഥലം
ആരാധിച്ചിടുമാ ധന്യനാമം (2)
അർപ്പിച്ചിടും എൻ സമസ്തവും
സ്തോത്രത്തിൽ യാഗങ്ങളാൽ

ഞാനും...

സന്തോഷ സന്താപ വേളകളിൽ
ഒന്നായണയും തൻ സന്നിധിയിൽ (2)
സ്നേഹിച്ചിടും ക്ഷമിച്ചിടും
കരുതിടും തമ്മിൽ തമ്മിൽ

ഞാനും...

നാഥൻ എനിക്കേകും ദാനമെല്ലാം
സ്നേഹത്തിൽ ഏവർക്കും പങ്കുവയ്ക്കും (2)
ദുഃഖിതർക്കും പീഡിതർക്കും
ആവോളം നന്മ ചെയ്യും

ഞാനും...

എന്നിൽ നിയുക്തമാം ദൈവയിഷ്ടം
ആരാഞ്ഞറിഞ്ഞു ഞാൻ ജീവിച്ചിടും (2)
സത്യ ധർമ്മ നീതി മാർഗ്ഗം
നിത്യവും പിന്തുടരും

ഞാനും...

## 33

എന്നെ കരുതുന്ന വിധങ്ങൾ ഓർത്താൽ
നന്ദിയാൽ ഉള്ളം നിറഞ്ഞിടുന്നേ
എന്നെ നടത്തുന്ന വഴികൾ ഓർത്താൽ
ആനന്ദത്തിൻ അശ്രു പൊഴിഞ്ഞിടുന്നേ

യേശുവെ രക്ഷകാ നിന്നെ ഞാൻ
സ്നേഹിക്കും ആയുസ്സിൻ നാളെല്ലാം
നന്ദിയാൽ പാടിടും (2)

പാപക്കുഴിയിൽ ഞാൻ താണിടാതെൻ
പാദം ഉറപ്പുള്ള പാറമേൽ നിർത്തി
പാടാൻ പുതു ഗീതം നാവിൽ തന്നു
പാടും സ്തുതികൾ എൻ യേശുവിന്ന്

യേശുവെ.......

ഉള്ളം കലങ്ങീടും വേളയിലെൻ
ഉള്ളിൽ വന്നേശു ചൊല്ലീടുന്നു
തെല്ലും ഭയം വേണ്ട എൻ മകനെ
എല്ലാ നാളും ഞാൻ കൂടെ ഉണ്ട്

യേശുവെ........

## 19

ആപത്തുവേളകളിൽ ആനന്ദവേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നു ഞാൻ

കുശവന്റെ കൈയിൽ കളിമണ്ണുപോൽ
തന്നിടുന്നു എന്നെ തൃക്കരങ്ങളിൽ
മെനഞ്ഞിടണമേ, വാർത്തെടുക്കണേ,
ദിവ്യഹിതം പോലെ ഏഴയാം എന്നെ (2)

ആപത്തു...

എനിക്കായ് മുറിവേറ്റ തൃക്കരങ്ങൾ
എൻ ശിരസ്സിൽ വച്ചാശിർവ്വദിക്കണേ
അങ്ങയുടെ ആത്മാവിനാൽ ഏഴയെ
അഭിഷേകം ചെയ്തനുഗ്രഹിക്കണേ (2)

ആപത്തു...

കഷ്ടതയുടെ കയ്പുനീരിൻ പാത്രവും
അങ്ങ് എൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപയെന്നിൽ പകരണമേ (2)

ആപത്തു...

എന്റെ ഹിതം പോലെ നടത്തരുതേ
തിരുഹിതം പോലെ നയിക്കണമേ
ജീവിതപാതയിൽ പതറിടാതെ
സ്വർഗ ഭവനത്തിലെത്തുവോളവും (2)

ആപത്തു...

## 20

എല്ലാം അങ്ങേ മഹത്വത്തിനായ്
എല്ലാം അങ്ങേ പുകഴ്ച്ചയ്ക്കുമായ്
തീർന്നിടേണമേ പ്രിയനെ
തിരുനാമമുയർന്നിടട്ടെ (2)
എല്ലാം അങ്ങേ മഹത്വത്തിനായ്

സ്നേഹത്തിലൂടെ എല്ലാം കാണുവാൻ
സ്നേഹത്തിൽ തന്നെയെല്ലാം ചെയ്യുവാൻ
എന്നിൽ നിൻ സ്വഭാവം പകരണമെ
ദിവ്യ തേജസ്സാലെന്നെ നിറയ്ക്കണമെ

എല്ലാം...

ആത്മാവിൻ ശക്തിയോടെ ജീവിപ്പാൻ-ആത്മ
നൽവരങ്ങൾ നിത്യവും പ്രകാശിപ്പാൻ
ആത്മനായകാ നിരന്തരമായെന്നിൽ
ആത്മദാനങ്ങൾ പകരണമെ

എല്ലാം...

നിന്റെ പേരിൽ ഞങ്ങൾ ചെയ്യും വേലകൾ
തിരുനാമവും ധരിച്ചുചെയ്യും ക്രിയകൾ
ഭൂവിൽ ഞങ്ങൾക്കല്ല വാനവനെ
അങ്ങേ വാഴ്‌വിനായ് മാത്രം തീരണമേ

എല്ലാം...

വക്രതനിറഞ്ഞ പാപലോകത്തിൽ
നീ വിളിച്ചു വേർതിരിച്ച നിൻ ജനം
നിന്റെ പൊന്നു നാമ മഹത്വത്തിനായ്
ദിനം ശോഭിപ്പാൻ കൃപ നൽകേണമേ

എല്ലാം...

## 21

അക്കരയ്ക്കു യാത്ര ചെയ്യും
സീയോൻ സഞ്ചാരി
ഓളങ്ങൾ കണ്ടു നീ ഭയപ്പെടേണ്ട
കാറ്റിനേയും കടലിനേയും
നിയന്ത്രിപ്പാൻ കഴിവുള്ളോൻ പടകിലുണ്ട്

വിശ്വാസമാം പടകിൽ യാത്ര ചെയ്യുമ്പോൾ
തണ്ടു വലിച്ചു നീ വലഞ്ഞിടുമ്പോൾ
ഭയപ്പെടേണ്ട കർത്തൻ കൂടെയുണ്ട്
അടുപ്പിക്കും സ്വർഗ്ഗീയ തുറമുഖത്ത് (2)

അക്കരയ്ക്ക്....

എന്റെ ദേശം ഇവിടെയല്ല
ഇവിടെ ഞാൻ പരദേശവാസിയാണല്ലോ
അക്കരെയാണ് എന്റെ ശാശ്വത നാട്
അവിടെനിക്കൊരുക്കുന്ന ഭവനമുണ്ട് (2)

അക്കരയ്ക്ക് .....

കുഞ്ഞാടതിൻ വിളക്കാണ്
ഇരുളൊരു ലേശവും അവിടെയില്ല
തരുമെനിക്ക് കിരീടം ഒന്ന്
ധരിപ്പിക്കും അവനെന്നെ ഉത്സവ വസ്ത്രം (2)

അക്കരയ്ക്ക്.....

## 22

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം (2)

എല്ലാ നാമത്തിലും മേലായനാമം
ഭക്തർ ജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങീടും തിരുമുമ്പിൽ
വല്ലഭത്വമുള്ള നാമം.

ശ്രീയേശുനാമം...

ലോകത്തിൻ മോഹം വിട്ടോടീടുവാൻ
സാത്താന്യ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടു നിൻ സേവ ചെയ്‌വാൻ
അഭിഷേകം ചെയ്തീടണേ

പരിശുദ്ധാത്മാവേ...

കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ
ഞങ്ങൾ വചനത്തിൽ വേരൂന്നി വളർന്നീടുവാൻ
പിന്മഴയെ വീണ്ടുമയയ്ക്കണമേ
നിൻ ജനമുണർന്നീടുവാൻ

പരിശുദ്ധാത്മാവേ...

## 31

ആകാശമേ കേൾക്ക-
ഭൂമിയെ ചെവിതരിക
ഞാൻ മക്കളെ പോറ്റിവളർത്തി
അവരെന്നോട് മത്സരിക്കുന്നു

കാള തന്റെ ഉടയവനെ
കഴുത തന്റെ യജമാനന്റെ
പുൽതൊട്ടി അറിയുന്നല്ലോ
എൻ ജനം അറിയുന്നില്ല

ആകാശമേ...

അകൃത്യ ഭാരം ചുമക്കും ജനം
ദുഷ്പ്രവർത്തിക്കാരുടെ മക്കൾ
വഷളായി നടക്കുന്നവർ
ദൈവമാരെന്നറുയുന്നില്ല

ആകാശമേ...

ആകാശത്തിൽ പെരിഞ്ഞാറയും
കൊക്കും മീവൽപക്ഷിയും
അവ തന്റെ കാലമറിയും
എൻ ജനം അതറിയുന്നില്ല

ആകാശമേ...

## 32

ഞാനും എനിക്കുള്ള സർവ്വസ്വവും
ദൈവത്തിൻ ദാനമെന്നോർത്തീടും ഞാൻ (2)
ഞാനും കുടുംബവും സേവിച്ചീടും
യാഹെന്ന ദൈവത്തെ ഇന്നുമെന്നും

സത്യദൈവത്തിൻ ഏകപുത്രനായ്
നിന്നെ വിശ്വസിക്കുന്നു ഞാൻ
വരും കാലമൊക്കെയും നിൻ
കൃപാവരങ്ങൾ ചൊരിക എന്നിൽ

നന്ദിയോടെ...

## 29

ജീവിതയാത്രക്കാരാ കാലടികൾ എങ്ങോട്ട്
നാശത്തിൻ പാതയോ ജീവന്റെ മാർഗ്ഗമോ
ലക്ഷ്യം നിൻ മുൻപിലെന്ത് (2)

അൻപിൻ രൂപിയേശുനാഥൻ നിന്നെ വിളിക്കുന്നില്ലേ
പോകല്ലെ നീ അന്ധനായി ലോക സൗഭാഗ്യം തേടി
പൊന്നിൻ ചിറകു നിനക്കു മീതെ
കർത്തൻ വിരിച്ചതു കാണുന്നില്ലേ
സൂര്യനിൻ താപമോ ഘോരമാം മാരിയോ
നിന്നെ അലട്ടാ എൻ പൊൻമകനേ

ജീവിത...

വൈഷമ്യമാം മേടുകളെ എങ്ങനെ നീ കടക്കും ?
എങ്ങനെ നീ യോർദ്ദാനിന്റെ അക്കരെ ചെന്നു ചേരും ?
നിൻ തോണിയിൽ കർത്തൻ യേശുവുണ്ടോ ?
നിൻ നാവിൽ പ്രാർത്ഥനാ ഗാനമുണ്ടോ ?
പുത്തൻ ഗാനാലാപം പാടി സ്തുതിക്കുവാൻ
ഹൃത്തിടെ സ്വർഗ്ഗീയ ശാന്തിയുണ്ടോ

ജീവിത...

വിശ്വാസത്തിൻ തോണിയതിൽ പോകുന്നയാത്രക്കാരാ
പാറക്കെട്ടിൽ തട്ടാതെ നീ അക്കരെ ചെന്നിടുമോ ?
ഓളങ്ങൾ ഏറുന്ന സാഗരത്തിൽ
ജീവിതത്തോണി ഉലഞ്ഞീടുമ്പോൾ
ആരുണ്ടു കൈത്താങ്ങായ് ആരു സഹായിക്കും
കപ്പിത്താൻ യേശുവല്ലാതെ നിന്നെ

ജീവിത...

## 30

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവെ നീ അറിയുന്നു

ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അമിതബലം തരണേ

പരിശുദ്ധാത്മാവേ...

എണ്ണമില്ലാ പാപം എന്നിൽ നിന്നു നീക്കാൻ
എന്നിൽ കനിഞ്ഞ നാമം
അന്യനെന്ന മേലെഴുത്ത് എന്നേക്കുമായ് മാച്ചു തന്ന
ഉന്നതന്റെ വന്ദ്യനാമം

ശ്രീയേശുനാമം...

ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലും നൽകും നാമം

ശ്രീയേശുനാമം...

പാപപരിഹാരം പാതകർക്കും നൽകാൻ
പാരിടത്തിൽ വന്ന നാമം
പാപമററജീവിതത്തിൻ മാതൃകയെ കാട്ടിതന്ന
പാവനമാം പുണ്യനാമം

ശ്രീയേശുനാമം...

## 23

അടവിതരുക്കളിന്നിടയിൽ
ഒരു നാരകമെന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനാമേശുവിനെ

വാഴ്ത്തുമെ എന്റെ പ്രിയനെ
ജീവകാലമെല്ലാം ഈ മരുയാത്രയിൽ
നന്ദിയോടെ ഞാൻ പാടീടുമെ (2)

പനിനീർപുഷ്പം ശാരോനിലവൻ
താമരയുമേ താഴ്വരയിൽ
വിശുദ്ധരിലതി  വിശുദ്ധനവൻ
മാ സൗന്ദര്യസമ്പൂർണ്ണനേ

വാഴ്ത്തുമെ...

പകർന്ന തൈലം പോൽ നിൻ നാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി ദുഷി നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ്മാററീടണേ

വാഴ്ത്തുമെ...

തിരുഹിതമിഹെ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നിടുന്നേ
എന്റെ വേലയെ തികച്ചും കൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നിടുവാൻ

വാഴ്ത്തുമെ...

## 24

എൻ യേശുവിൻ സന്നിധിയിൽ
എന്നും ഗീതങ്ങൾ പാടിടും ഞാൻ (2)
തന്റെ മാധുര്യമേറിടും നാമമത്
സ്തുതി ഗീതങ്ങൾ പാടിടും ഞാൻ (2)

കണ്ണുനീരവൻ തുടച്ചിടുമെ
കരുണയിൻ കരം നീട്ടിടുമെ
എന്റെ കാൽവറി നായകൻ യേശുമതി
എന്റെ പാപങ്ങൾ അകറ്റിടുവാൻ

എൻ യേശുവിൻ.....

പരമൻ വിളി കേട്ടിടുമ്പോൾ
പരമാനന്ദം ലഭിച്ചിടുമെ
എന്റെ അകൃത്യങ്ങളൊക്കെയും
അവൻ കൃപയാൽ
അതിവേഗമകന്നീടുമേ

എൻ യേശുവിൻ.....

## 25

യേശുമതിയെനിക്കേശുമതി
ക്ലേശങ്ങൾ മാത്രം സഹിച്ചെന്നാലും
അപ്പോഴും പാടും ഞാൻ ദൈവമേ
നീയെത്ര നല്ലവൻ

നീയല്ലാതാരുമില്ലീശനെ
എന്റെ ഭാരം തീർക്കാൻ
നീയല്ലാതാരുള്ളു രക്ഷകാ
എന്റെ പാപം പോക്കാൻ
എന്നെ നീയേറ്റുകൊൾ ദൈവമെ
അപ്പോൾ ഞാൻ ശാന്തനാം

ജീവിത ഭാരങ്ങൾ ഏറിയാലും
ജീവനാഥൻ കൈവെടികയില്ല
എന്നെ നടത്തുവാൻശക്തനാം
നീയെത്ര നല്ലവൻ

നീയല്ലാ....

ലോകത്തിൽ ഏകനായ് തീരുകിലും
രോഗത്താൽ ബാധിതനായിടിലും
കൈവെടിഞ്ഞിടാത്ത രക്ഷകാ
നീയെത്ര നല്ലവൻ

നീയല്ലാ....

## 26

മാറിടാത്ത യേശുനാഥൻ
മാററും നിന്റെ വേദന
പാപത്താലും രോഗത്താലും
കലങ്ങിടേണ്ട കടന്നുവാ

കടന്നുവാ കടന്നുവാ
യേശു നിന്നെ വിളിക്കുന്നു

ലോകത്തിൻ ഭാരം ചുമക്കും
യേശുവിങ്കൽ നീ കടന്നുവാ
തളർന്ന നിന്റെ അന്തരാത്മ
ക്ലേശം നീക്കും കടന്നുവാ

കടന്നുവാ...

ലോകബന്ധം കൈവെടിയും
ദ്രോഹിച്ചു നിന്നെ പുറംതള്ളും
പാവനൻ താൻ സ്നേഹത്തോടെ
അരികിലുണ്ട് കടന്നുവാ

കടന്നുവാ ...

## 27

യേശു എന്നഭയകേന്ദ്രം
മാററമില്ലാ സ്നേഹിതൻ
സ്തോത്രം സ്തുതികൾക്കു യോഗ്യൻ
വാഴ്ത്തും നിന്നെയെന്നും ഞാൻ

എന്നെ ശുദ്ധീകരിച്ചീടാൻ
ബാലശിക്ഷ നൽകിയാൽ
താതനു നന്ദി കരേററും
ഹാല്ലേലൂയ്യാ പാടിടും

വ്യാകുലങ്ങൾ നേരിട്ടാലും
ഭാരമുള്ളിൽ വന്നാലും
രോഗിയായ് തീർന്നെന്നാലും
യേശുവിൽ ഞാൻ ചാരിടും

യേശുരാജനെന്നെ ചേർപ്പാൻ
മേഘരൂഢനായ് വരും
ആകുലങ്ങളില്ലാ നാട്ടിൽ
ചേരും സ്വർഗ്ഗ വീട്ടിൽ ഞാൻ

## 28

നന്ദിയോടെ ഞാൻ സ്തുതി പാടിടും
എന്റെ യേശുനാഥാ
എനിക്കായ് നീ ചെയ്തോരോ നന്മയ്ക്കും
ഇന്നും നന്ദി ചൊല്ലുന്നു ഞാൻ

അർഹിക്കാത്ത നന്മകളും
എനിക്കേകിടും കൃപാനിധിയേ
യാചിക്കാത്ത നന്മകൾ പോലും
ഈയെനിക്കേകിയോനെ സ്തുതി

നന്ദിയോടെ...